യിട്ടുണ്ട്. 1987-ലെ ലീഗൽ സർവ്വീസസ് അതോറിട്ടീസ് ആക്ടിലെ 12-ാം വകുപ്പ് പ്രകാരമുള്ള മാനദണ്ഡങ്ങൾക്കകത്ത് വരുന്നവർ ടി ആക്ടിന്റെ 13-ാം വകുപ്പ് (2)-ാം ഉപ വകുപ്പ് പ്രകാരമുള്ള സത്യവാങ്മൂലം സമർപ്പിച്ചാൽ സൗജന്യ നിയമസഹായം നൽകുന്നതാണ്. 1998-ലെ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിട്ടി റെഗുലേഷൻ (റെഗു. 41-പ്രകാരം) സൗജന്യ നിയമ സഹായം നല്കുന്നതിലേക്കായി ലീഗൽ പ്രാക്ടീഷണർമാരുടെ 3 പാനലുകൾ വീതം ഹൈക്കോടതിതലത്തിലും (ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി) ജില്ലാതലത്തിലും (ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി), താലൂക്ക് തലത്തിലും (താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലീഗൽ പ്രാക്ടീഷണർമാർ മുഖേന സൗജന്യനിയമ സഹായത്തിന് അർഹരായവർക്ക് സൗജന്യ നിയമ സഹായവും സൗജന്യ നിയമ ഉപദേശവും നൽകിവരുന്നു. കൂടാതെ സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിട്ടിയെ നേരിട്ട് സമീപിക്കുന്നവർക്ക് ഏത് അതോറിട്ടിയെ/കമ്മിറ്റിയെ സമീപിക്കണമെന്ന മാർഗ്ഗനിർദ്ദേശവും, നിയമ ഉപദേശവും സൗജന്യമായി നൽകിവരുന്നു.

(ബി)&(സി) 1987-ലെ ലീഗൽ സർവ്വീസസ് അതോറിട്ടീസ് ആക്ട് (1994-ലെ ലീഗൽ സർവ്വീസസ് അതോറിട്ടിസ് ഭേദഗതി ആക്ട് പ്രകാരം ഭേദഗതി വരുത്തിയത്) മുഖാന്തിരം മുൻപ് ഉണ്ടായിരുന്ന കേരള സ്റ്റേറ്റ് ലീഗൽ എയ്ഡ്സ് ആന്റ് അഡ്വൈസ് ബോർഡ് നിലവിലില്ലാതാകുകയും ഇപ്പോഴത്തെ സംസ്ഥാന ലീഗൽ സർവീസ്സ് അതോറിട്ടി നിലവിൽ വരികയും ചെയ്തു. ഈ അതോറിട്ടി 1987-ലെ കേന്ദ്ര നിയമമായ ലീഗൽ സർവ്വീസസ് അതോറിട്ടീസ് ആക്ടിൻ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ നിയമം പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെന്റിനെ കഴിയൂ.

24 (*319) ഓപ്പറേഷൻ ഒളിംപിയ

ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിംപിയ പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതിയുടെ നടത്തിപ്പ് എപ്രകാരം ക്രമീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എന്തൊക്കെ പ്രോത്സാഹനമാണ് സർക്കാർ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പദ്ധതിയുടെ നടത്തിപ്പിന് ഫണ്ട് ലഭ്യമാക്കുന്നത് എപ്രകാര മെന്ന് വെളിപ്പെടുത്തുമോ;

(ജി) പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതുമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖ ദാസ്):

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1) കായിക കലയുടേയും കായികക്ഷമതയുടെയും ആവശ്യക തയെപ്പറ്റി സമൂഹത്തിൽ അവബോധം ഉണ്ടാക്കുകയും, ഒരു കായിക സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യുക.

2) സമയബന്ധിത ശാസ്ത്രീയ പരിശീലനത്തിലൂടെ കുരുന്നു പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിച്ച് അന്താരാഷ്ട്ര കായിക വേദികളിൽ ഭാരതത്തിന്റെയും അതുവഴി കേരളത്തിന്റെയും അന്തസ്സ് ഉയർത്തിപ്പിടിക്കുക.

3) കേരളത്തിലെ എല്ലാ കുട്ടികൾക്കും കായിക പരിശീലന പരിപാടിയിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കുക.

(സി) ഓപ്പറേഷൻ ഒളിംപിയ പദ്ധതി മൂന്നു ഘട്ടങ്ങളായാണ് നടപ്പിൽ വരുത്തുക. 8 വർഷം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടിയാണിത്. ഒന്നാം ഘട്ടത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും രണ്ടാം ഘട്ടത്തിൽ ജില്ലാതലത്തിലും മൂന്നാംഘട്ടത്തിൽ സംസ്ഥാന തലത്തിലും ഉള്ള പരിശീലന പരിപാടിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഒന്നാം ഘട്ടപരിശീലന കാലാവധി മൂന്നു വർഷമാണ്. ഒന്നാം വർഷം 12 വയസ്സു തികയുന്ന ചുരുങ്ങിയത് 30 കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഒന്നാം ഘട്ടപരിശീലനത്തിന്റെ മുഴുവൻ ചെലവുകളും തദ്ദേശ സ്വയംഭരണസ്ഥാപന ങ്ങൾ വഹിക്കുന്നതാണ്. കുട്ടികളെ പരിശീലിപ്പിക്കുന്നവർക്കുള്ള പരിശീലനം കേരള സ്പോർട്സ് കൗൺസിൽ നല്കുന്നതാണ്.

രണ്ടാംഘട്ടത്തിൽ കുട്ടികളുടെ താമസസൗകര്യം, ഭക്ഷണം, പരിശീല നം, യൂണിഫാറം തുടങ്ങിയവ ജില്ലാപഞ്ചായത്തും ജില്ലാ സ്പോർട്സ് കൗൺസിലും കൂടി വഹിക്കും.

ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് രണ്ടു വർഷത്തെ പരിശീലനത്തിനു ശേഷം ചുരുങ്ങിയത് 100 പേരെയാണ് സംസ്ഥാനം കേന്ദ്രത്തിലേക്ക് തെരഞ്ഞെടുക്കു ന്നത്. പരിശീലന കാലാവധി 3 വർഷമാണ്. പൂർണ്ണമായും കേരള ഗവൺമെ ന്റേയും കേരള സ്പോർട്സ് കൗൺസിലിന്റെയും നേരിട്ടുള്ള ചുമതലയിലായി രിക്കും മൂന്നാം ഘട്ട പരിശീലനം.

(ഡി) ഉണ്ട്.

(ഇ) ഓപ്പറേഷൻ ഒളിംപിയ പദ്ധതി ഏറ്റവും നന്നായി നടപ്പിൽ വരു ത്തുന്ന സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനത്തേ യ്ക്കുള്ള സമ്മാനങ്ങൾ കേരള സ്പോർട്സ് കൗൺസിൽ വഴി നൽകുന്നുണ്ട്.

(എഫ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഒന്നാം ഘട്ടം പരിശീലനത്തിനുള്ള ഫണ്ട് കണ്ടെത്താൻ ലക്ഷ്യമിട്ടിട്ടുള്ളത്. രണ്ടാം ഘട്ട പരിശീലനത്തിനുള്ള ചെലവ് ജില്ലാ പഞ്ചായത്തും ജില്ലാ സ്പോർട്സ്

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിലുംകൂടി വഹിക്കേണ്ടതാണ്. മൂന്നാംഘട്ട പരിശീലനത്തിന്റെ ചെലവ് പൂർണ്ണമായും കേരളാ ഗവൺമെന്റിന്റെയും കേരള സ്പോർട്സ് കൗൺസിലിന്റെയും നേരിട്ടുള്ള ചുമതലയിലായിരിക്കും.

(ജി) ഈ പദ്ധതി കുറ്റമറ്റതും കാര്യക്ഷമവും ആയ രീതിയിലാണ് ഇപ്പോൾ നടന്നുവരുന്നത്.

25 (*320) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി കെ.കെ ശൈലജ ടീച്ചർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സർവ്വീസ് സംഘടനകളുമായി ഇക്കാര്യത്തിൽ നടത്തിയ ചർച്ചകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) സ്ഥലംമാറ്റത്തിൽ ഏതെല്ലാം വിഭാഗത്തിനാണ് പ്രത്യേക പരിരക്ഷ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സർക്കാർ അംഗീകരിച്ചിട്ടുള്ള മാനദണ്ഡത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി)&(ഡി) 6.11.99 ൽ നടന്ന ചർച്ചയിൽ സ്ഥലം മാറ്റത്തിനുള്ള പൊതുമാനദണ്ഡങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകൾ തങ്ങളുടെ അഭിപ്രായം ഉന്നയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ഓരോ സംഘടനകളുടേയും അഭിപ്രായം രേഖാമൂലം സർക്കാരിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് നിർദ്ദേശവും ചർച്ചയിൽ ചില സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്.

26 (*321) ടൂറിസം നയം

ശ്രീമതി. ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly